(സി) ഏതെല്ലാം പഞ്ചായത്തുകളിലെ ശുദ്ധജലവിതരണ പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം പഞ്ചായത്തുകളിലേതാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾക്കുവേണ്ടി ഈ വർഷത്തിൽ എന്ത് തുക ചെലവഴിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എന്നത്തേയ്ക്ക് എല്ലാ പഞ്ചായത്തുകളിലേയും ശുദ്ധജല പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) 79,67,267 രൂപ.

(ബി) 58,15,234 രൂപ

(സി) ഇപ്പോൾ പ്രവർത്തനത്തിലുള്ള പദ്ധതികളുടെ (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്).*

(ഡി) ഈ പദ്ധതികൾക്ക് ഈ വർഷത്തെ കേരള ജലമലിനജല അതോറിറ്റിയുടെ ബഡ്ജറ്റിൽ 18 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) പണി നടന്നുവരുന്ന പദ്ധതികളിൽ ഉള്ളപ്പന, മുദാക്കൽ പദ്ധതികൾ ഈ വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. പുളിമാത്ത്, കൊടുവാഴന്നൂർ, കൊടുവാഴന്നൂർ ഹരിജൻ, കരവാരം, ആലംകോട്, അഗരൂർ, വെള്ളല്ലൂർ, പള്ളിക്കൽ മുതലായ പദ്ധതികൾ 1987–88 നടപ്പ് വർഷത്തിൽ പൂർത്തീകരിക്കാനാവും. ഇവയിൽ വിളങ്ങര ഹരിജൻ പദ്ധതിയ്ക്ക് വേണ്ടി പഞ്ചായത്തിൽ നിന്നും കിണർ കുഴിക്കുന്നതിനുള്ള സ്ഥലം ലഭിച്ചാൽ 6 മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കും.

ഉപ്പുതറ ശുദ്ധജലവിതരണ പദ്ധതി

434 [470] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് നിയോജക മണ്ഡലത്തിലെ ഉപ്പുതറ പഞ്ചായത്തിലെ എൽ.ഐ.സി. ശുദ്ധജലവിതരണ പദ്ധതിയുടെ പണി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ വർഷം പൂർത്തിയാക്കാൻവേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

പീരുമേട് നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ സ്കീമുകൾ

435 [471] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly